# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :04/03/ 2019

## ഡ്യൂട്ടിക്കിടയിൽ അപകടത്തിൽപെട്ട് അന്തരിച്ച പോലീസ് ഉദ്യോഗസ്ഥൻ എം. എസ്. വിപിൻ കുമാറിന്റെ ഒന്നാം ചരമവാർഷികം ആചരിച്ചു.

കൊല്ലം : 2018 മാർച്ച് 4 ന് കൊട്ടാരക്കര കുളക്കടവച്ച് ഡ്യൂട്ടിക്കിടയിൽ അപകടത്തിൽപെട്ട് അന്തരിച്ച കൊല്ലം ഏ. ആർ. ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥൻ എം. എസ്. വിപിൻ കുമാറിന്റെ ഒന്നാം ചരമവാർഷികം വിവിധ പരിപാടികളോടെ ആചരിച്ചു. കൊല്ലം ഏ.ആർ ക്യാമ്പ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച അനുസ്മരണയോഗം എം. മുകേഷ് എം.എൽ.എ. ഉദ്ഘാടനവും തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റ് വിതരണവും ചെയ്തു. സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി. കെ. മധു ഐ. പി. എസ്. വാട്ടർ ബെഡ് വിതരണം ചെയ്തു. യോഗത്തിൽ കെ.പി.എ ജില്ലാ പ്രസിഡന്റ് എസ്. അജിത്കുമാർ അദ്ധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി കമാ ന്റ് വി. എസ്. ചിത്രസേനൻ അസി.കമ്മീഷണർ, ഡി.സി.ആർ.ബി. എം. അനിൽകുമാർ കെ.പി.എ സംസ്ഥാന ട്രഷറർ എസ്. ഷൈജു കെപി.ഒ.എ സംസ്ഥാനനിർവ്വാഹസമിതി അംഗം എസ്. സലീം കെ. പി. എ. റൂറൽ ജില്ലാ പ്രസിഡന്റ് എസ്. നജീം കെ.പി.എ സംസ്ഥാന നിർവ്വാഹകസമിതിഅംഗം എസ്. ആർ. ഷിനോദാസ് കെപി.ഒ.എ, ഏ.ആർ.യൂണിറ്റ് സെക്രട്ടറി എച്ച്. സുരേഷ്കുമാർ എന്നിവർ അനുസ്മരണപ്രഭാഷണവും കെ.പി.എ. ജില്ലാ സെക്രട്ടറി ജിജു സി.നായർ സ്വാഗതവും കെ.പി.എ, ഏ.ആർ.യൂണിറ്റ് സെക്രട്ടറി ചിന്തു. വി. നന്ദിയും രേഖപ്പെടുത്തി. രാവിലെ 9.30 ന് ഏ. ആർ. ക്യാമ്പിൽ തയാറാക്കിയ പ്രത്യേക മണ്ഡപത്തിൽ സിറ്റി പോലീസ് കമ്മീഷണർ പി. കെ. മധു ഐ. പി. എസ്., പുഷ്പചക്രം അർപ്പിച്ചു. വിപിന്റെ മാതാപിതാക്കൾ, ഭാര്യ, മകൻ, സംഘടനാനേതാക്കൾ സഹപ്രവർത്തർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങ് വികാരസാന്ദ്രമായിരുന്നു.

